**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **14-10-2024 - ൽ മറുപടിയ്ക്ക്**

**പെട്രോൾ പമ്പുകളിലെ അളവുതൂക്കവുമായി ബന്ധപ്പെട്ട പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പെട്രോൾ പമ്പുകളിലെ അളവുതൂക്കവുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി ലീഗൽ മെട്രോളജി വകുപ്പിനു ലഭിച്ചത്; ഈ പരാതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുണ്ടെന്ന് അറിയിക്കാമോ; | (എ) | പെട്രോൾ പമ്പുകളിലെ അളവുതൂക്കവുമായി ബന്ധപ്പെട്ട് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി ആകെ 160 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പെട്രോളും ഡീസലും വാഹനങ്ങളിൽ നിറയ്ക്കുന്നതു സംബന്ധിച്ച് പെട്രോൾ പമ്പുകളിൽ ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; ഇത് പരിഹരിക്കാൻ എന്തെല്ലാം ബോധവൽക്കരണ നടപടികളാണ് നടന്നുവരുന്നത്; വ്യക്തമാക്കുമോ; | (ബി) | വിവിധ പമ്പുകളിൽ നടത്തിയ പരിശോധനകളിൽ അനുവദനീയമായ പരിധിയിൽ കൂടുതൽ വ്യത്യാസം കണ്ട നോസിലുകളിലൂടെയുള്ള വിതരണം നിർത്തിവച്ചിട്ടുണ്ട്. അനുവദനീയമായ പരിധിയിൽ കൂടുതൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എല്ലാ ദിവസവും എല്ലാ നോസിലുകളിലെയും അളവിന്റെ കൃത്യത ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് പമ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന 5 ലിറ്റർ അളവ് പാത്രം ഉപയോഗിച്ച് നോസിലുകളിലൂടെയുള്ള വിതരണത്തിന്റെ അളവ് പരിശോധിക്കുന്നതിനും പുന:പരിശോധന നടത്തി മുദ്ര ചെയ്തതിന്റെ സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതിനും സൗകര്യമൊരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പമ്പുകളിൽ ഇന്ധനം നിറയ്ക്കുന്നത് സംബന്ധിച്ച ക്രമക്കേടുകളെക്കുറിച്ച് ലീഗൽ മെട്രോളജി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ കൺട്രോളർക്ക് ഏതെങ്കിലും റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | പരിശോധന നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണവും കണ്ടെത്തുന്ന കേസുകളുടെ എണ്ണവും മാസംതോറും കൺട്രോളർക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. |
| (ഡി) | പമ്പുകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; എത്ര തുകയാണ് പിഴയിനത്തിൽ ഈടാക്കിയത്; | (ഡി) | പമ്പുകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 385 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും 9,12,500/- രൂപ പിഴ ഈടാക്കുകയും ചെയ്തു. |
| (ഇ) | പമ്പുകളിലെ പരിശോധനയുമായി ബന്ധപ്പെട്ട് പമ്പ് ഉടമസ്ഥരുടെ സംഘടനകൾ ലീഗൽ മെട്രോളജി വകുപ്പിനോ മന്ത്രിക്കോ എന്തെങ്കിലും പരാതി | (ഇ) | പെട്രോളിയം ട്രേഡേഴ്സ് വെൽഫെയർ ആൻഡ് ലീഗൽ സർവ്വീസ് സൊസൈറ്റി, ആൾ കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ട്രേഡേഴ്സ് എന്നീ |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്? | | സംഘടനകൾ കൺട്രോളർക്ക് നിവേദനം സമർപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വകുപ്പുതല കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ